കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

(ഒരു സർക്കാർ നിയന്ത്രിത സ്ഥാപനം)

നിർമ്മിതി ഹിൽസ്, പി.ടി.പി. നഗർ,
തിരുവനന്തപുരം-695 038
ഫോൺ : 0471-2360559,2362319
e-mail : kesnik.ptp@gmail.com
kesnik.tech@gmail.com
nirmithiptp@gmail.com
Website : www.nirmithi.kerala.gov.in

നോട്ടീസ്

ക്വട്ടേഷൻ നം.1861/20/കെസ്നിക്

27.05.2019

വിഷയം:- **വാഹനം മാസ വാടകയ്ക്ക് കരാർ വ്യവസ്ഥയിൽ നൽകുന്നതിനുള്ള ക്വട്ടേഷൻ നോട്ടീസ്.**

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഹെഡ്ഡ്സ്റ്റാഫീസിലേക്ക് Hatch back or Sedan Type വാഹനം മാസവാടകയ്ക്ക് എടുക്കാൻ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്ക് വാഹനങ്ങൾ നൽകുവാൻ തയ്യാറുള്ള വ്യക്തികൾ/ഏജൻസികൾ എന്നിവരിൽനിന്ന് സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

വാഹനത്തിന്റെ പ്രതിമാസ വാടക നിരക്ക് ഒരു വർഷത്തേയ്ക്ക് നൽകേണ്ടതാണ്. ടി നിരക്കിൽ 1500 കിലോമീറ്റർ കവറേജ് ലഭിക്കേണ്ടതും അഡീഷണൽ ഓരോ കിലോമീറ്ററിനും എത്ര നിരക്ക് എന്നും ഉൾപ്പെടുത്തേണ്ടതാണ്. പ്രതിമാസ വാടകയ്ക്ക് രേഖപ്പെടുത്തുന്ന പരമാവധി ദൂരത്തിൽ ഓരോമാസവും ഉള്ള ഓട്ടത്തിൽ കുറവ് വരുന്ന ദൂരം അടുത്ത രണ്ട് മാസങ്ങൾക്കുള്ളിൽ അഡ്ജസ്റ്റ് ചെയ്യാമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടായിരിക്കണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. ഓരോ കാറുകളുടെയും നിരക്കുകൾ പ്രത്യേകം നൽകേണ്ടതാണ്. ക്വട്ടേഷൻ നൽകാൻ ആഗ്രഹിക്കുന്നവർ അവരുടെ ഏറ്റവും കുറഞ്ഞ നിരക്കുകൾ ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, പി.റ്റി.പി. നഗർ എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

മൽസര അടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ജൂൺ മാസം 09-ാം തീയതി വൈകുന്നേരം 3.00 മണിയ്ക്കു മുൻപായി ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, പി.റ്റി.പി. നഗർ, തിരുവനന്തപുരം 695038 എന്ന ഓഫീസിൽ ലഭിക്കേണ്ടതാണ്. വൈകിക്കിട്ടുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. ക്വട്ടേഷൻ ഫാറം ഈ ഓഫീസിൽ നിന്നും 100/- രൂപ+ 12%GST ഉൾപ്പെടെ ജൂൺ മാസം 09-ാം തീയതി ഉച്ചയ്ക്ക് 12.00 മണിവരെ ലഭിക്കുന്നതാണ്. (ഫാറം നിർമ്മിതി വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഫീസ് അടച്ചാലും മതിയാകും) പ്രതിമാസ വാടകയ്ക്കുള്ള ക്വട്ടേഷനുകളോടൊപ്പം 5000/-(അയ്യായിരം രൂപ മാത്രം) നിരതദ്രവ്യം വയ്ക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് **"വാഹനങ്ങൾ മാസ വാടകയ്ക്ക് കരാർ വ്യവസ്ഥയിൽ നൽകുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ അന്ന് വൈകുന്നേരം 4.00 മണിയ്ക്ക് തുറക്കുന്നതാണ്. നിരക്ക് ആവശ്യപ്പെടുന്ന വാഹനങ്ങളുടെ വിവരം ഇതോടൊപ്പമുള്ള ഫോർമാറ്റിൽ നൽകിയിരിക്കുന്നു. ഏതുതരം വാഹനം, തിരഞ്ഞെടുക്കണം എന്നത് നിർമ്മിതി കേന്ദ്രത്തിന്റെ അധികാര പരിധിയിൽ വരുന്നതാണ്.

.....2

പ്രതിമാസ വാടകയ്ക്കുള്ള ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്നയാൾ സമർപ്പിച്ച നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റായി കണക്കാക്കുന്നതും ടിയാൻ 200/- രൂപ പത്രത്തിൽ എഗ്രിമെന്റ വയ്ക്കേണ്ടതുമാണ്. വാഹനങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, ആയതിൽ നിന്നും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ്.

വാഹനത്തിന്റെ ഇന്ധനചെലവ്, അറ്റകുറ്റ പണികൾ, ഡ്രൈവറുടെ ചെലവ്, നിയമപ്രകാരമുള്ള നികുതികൾ എന്നിവ ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നവർ വഹിക്കേണ്ടതാണ്. വാഹനത്തിന്റെ യാതൊരുവിധ ബാധ്യതയും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഏറ്റെടുക്കുന്നതല്ല. വാടകയ്ക്ക് നൽകുന്ന വാഹനം രണ്ട് വർഷത്തിനുമേൽ പഴക്കമുണ്ടാകാൻ പാടില്ല. ക്വട്ടേഷനോടൊപ്പം വാഹനത്തിന്റെ RC ബുക്കിന്റെയും ഡ്രൈവിംഗ് ലൈസൻസിന്റെയും കോപ്പി ഉൾപ്പെടുത്തണം. കൂടുതൽ വിവരങ്ങൾ ടി ഓഫീസിൽ നിന്നും പ്രവർത്തി സമയം ലഭിക്കുന്നതാണ്.

ക്വട്ടേഷനുകൾ കാരണം കാണിക്കാതെ നിരസിക്കുവാനും, ക്വട്ടേഷൻ വ്യവസ്ഥ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ ക്വട്ടേഷൻ നിബന്ധനകൾ ടി ക്വട്ടേഷനും ബാധകമായിരിക്കും.

ഡയറക്ടർക്കുവേണ്ടി
കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം
പി.റ്റി.പി. നഗർ, തിരുവനന്തപുരം 695038

പകർപ്പ്:- Notice Board.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം,
പി.ടി.പി. നഗർ, തിരുവനന്തപുരം

ക്വട്ടേഷൻ നം.1861/20/കെസ്നിക്.

കാർ മാസ വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ ഫാറം

ഡയറക്ടർ,
കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം
പി.റ്റി.പി. നഗർ, തിരുവനന്തപുരം -38

നിർമ്മിതി കേന്ദ്രം കോർപ്പറേറ്റ് ഓഫീസിലേക്ക് താഴെപറയുന്ന ഒരു വാഹനം പ്രതിമാസ വാടകയ്ക്ക് നൽകുന്നതിന് താല്പര്യപ്പെടുന്നു. വാഹനത്തിന്റെ വാടക നിരക്ക് താഴെ കൊടുക്കുന്നു.

ഇനം	1500 കിലോമീറ്റർ വരെ	അധിക ദൂരത്തിന് / കിലോമീറ്റർ	വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ/ബ്രാന്റ്/ year
Hatchback model with AC			
sedan model with AC			

നിരതദ്രവ്യമായി 5000/- രൂപ DD (No.....dated .....)/cash ആയി ഇതിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒരു വർഷത്തേയ്ക്ക് ടി നിരക്കിൽ വാഹനങ്ങൾ നൽകുന്നതിന് ഞാൻ ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു. ടി നിരക്കിൽ കൂടാതെ മറ്റ് യാതൊരുവിധ ചെലവുകളും നൽകേണ്ടതില്ല. ഇതിനോടാപ്പം ഉൾപ്പെടുത്തിയിട്ടുള്ള ക്വട്ടേഷൻ നിബന്ധനകളിൽ പറയുന്ന എല്ലാ വ്യവസ്ഥകളും ഞാൻ അംഗീകരിച്ചുകൊള്ളുന്നു.

ഒപ്പ്

പേര്

സ്ഥലം:

തീയതി:

വിലാസം

ടെലഫോൺ നമ്പർ

ക്വട്ടേഷൻ നം. 1861/20/കെസ്നിക്.

ക്വട്ടേഷൻ നിബന്ധനകൾ

1. Hatch back or Sedan Type വാഹനത്തിന്റെ പ്രതിമാസ വാടക നിരക്കിന് ഒരു വർഷത്തെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

2. ക്വട്ടേഷൻ, പ്രതിമാസ വാടക നിരക്ക് ക്വാട്ട് ചെയ്യുമ്പോൾ 1500 കി.മീ ഓടാവുന്ന നിരക്കും, അധികമായി ഓടുന്നതിന് കിലോമീറ്ററിനുള്ള നിരക്കും രേഖപ്പെടുത്തേണ്ടതാണ്.

3. പ്രതിമാസ വാടകയ്ക്ക് രേഖപ്പെടുത്തുന്ന പരമാവധി ദൂരത്തിൽ, ഓരോ മാസവും ഉള്ള ഓട്ടത്തിൽ കുറവ് വരുന്ന ദൂരം അടുത്ത രണ്ട് മാസങ്ങൾക്കുള്ളിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

4. ക്വട്ടേഷനോടൊപ്പം 5000/-(അയ്യായിരം രൂപ) നിരതദ്രവ്യമായി (പണമായോ ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്ന പേരിൽ ഡ്രാഫ്ടായോ) സമർപ്പിക്കേണ്ടതാണ്.

5. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് വാഹനങ്ങൾ മാസ വാടകയ്ക്ക് കരാർ വ്യവസ്ഥയിൽ നൽകുന്നതിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

6. മത്സരാടിസ്ഥാനത്തിലുള്ള മുദ്രവച്ച ക്വട്ടേഷനുകൾ, 2020 ജൂൺ മാസം 09-ന് വൈകുന്നേരം 3.00 മണിയ്ക്ക് മുമ്പായി ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, പി.ടി.പി. നഗർ, തിരുവനന്തപുരം-38 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. വൈകിക്കിട്ടുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

7. ക്വട്ടേഷനുകൾ അന്നേ ദിവസം വൈകുന്നേരം 4.00 മണിയ്ക്ക് തുറക്കുന്നതും, ഏത് തരം വാഹനം പരിഗണിക്കണം എന്നത് പരിശോധിച്ച്, അതിൽ കുറഞ്ഞ നിരക്ക് നൽകിയിട്ടുള്ള കരാറുകാരന്റെ പേർക്ക് കരാർ സ്ഥിരപ്പെടുത്തുന്നതാണ്.

8. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്നയാൾ സമർപ്പിച്ച നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റായി മാറ്റുന്നതാണ്.

9. ടിയാൻ 200/- രൂപയുടെ മുദ്രപത്രത്തിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി കരാറിലേർപ്പെടേണ്ടതാണ്.

10. നിലവിലുള്ള നിയമപ്രകാരം പ്രതിമാസ വാടകയിൽ നിന്നും അംഗീകൃത നികുതി/ TDS എന്നിവ പിടിക്കുന്നതാണ്. ടാക്സ് നിരക്കുകളിൽ സർക്കാർ വരുത്തുന്ന വ്യതിയാനം ഇതിനും ബാധകമായിരിക്കും.

11. വാഹനങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, ആയതിൽ നിന്നും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ്.

12. വാഹനത്തിന്റെ ഇന്ധനചെലവ്, അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ ചെലവ്, നിയമപ്രകാരമുള്ള നികുതികൾ എന്നിവ കരാറുകാരൻ വഹിക്കേണ്ടതാണ്. വാഹനത്തിന്റെ യാതൊരുവിധ ബാധ്യതയും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഏറ്റെടുക്കുന്നതല്ല.

13. വാടകയ്ക്ക് നൽകുന്ന വാഹനം രണ്ട് വർഷത്തിനുമേൽ പഴക്കമുണ്ടാകാൻ പാടില്ലാത്തതും, കരാറുകാരന് ഒന്നിൽകൂടുതൽ വാഹനം ഉണ്ടായിരിക്കേണ്ടതുമാണ്. അതിനാവശ്യമായ രേഖകൾ ദർഘാസിനൊപ്പം നൽകേണ്ടതാണ്.

14. ക്വട്ടേഷനുകൾ കാരണം കാണിക്കാതെ നിരസിക്കുവാനും ക്വട്ടേഷൻ വ്യവസ്ഥ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള പൂർണ്ണ അധികാരം ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നിക്ഷിപ്തമാണ്.

15. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ക്വട്ടേഷനുകൾക്ക് നിബന്ധനകൾ ഈ ക്വട്ടേഷനും ബാധകമായിരിക്കുന്നതാണ്.

16. വാഹനം സർവ്വീസിംഗ് മുതലായ ആവശ്യങ്ങൾക്കായി നൽകുമ്പോൾ പകരം അതേ കാറ്റഗറിയിലുള്ള വാഹനം നൽകേണ്ടതും, നൽകുന്ന വാഹനം കരാറിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ വാങ്ങിയതും ആയിരിക്കണം. വാഹനം ഏതെങ്കിലും കാരണത്താൽ നൽകാതിരിക്കുന്ന പക്ഷം പ്രതിദിനം 1000 രൂപ മാസ വാടകയിനത്തിൽ കുറവ് ചെയ്യുന്നതാണ്.

17. Lockdown പോലെ സമാന രീതിയിൽ നീണ്ട കാലയളവിൽ വാഹനം ഉപയോഗിക്കാതിരിക്കുന്ന സന്ദർഭങ്ങളിൽ ആനുപാതികമായ തുക വാടകയിൽ നിന്നും കുറയ്ക്കുന്നതാണ്.

സ്ഥലം

തീയതി

ഒപ്പ്

പേര്

വിലാസം

ടെലഫോൺ നമ്പർ